# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിയെട്ട്

## കൂട്ടായ്മ നിലനിറുത്തുവാൻ ജീവന്റെ സ്നേഹത്തിലുള്ള കഴുകൽ

## (2)

Mon

### II. വിശ്വാസികളുടെ ഇടയിൽ പരസ്പരം കഴുകുക

കർത്താവുതന്നെ കാലുകഴുകിയത് നാം കണ്ടു. ഇപ്പോൾ, വിശ്വാസികളുടെ ഇടയിൽ പരസ്പരം കാലുകഴുകുന്നതിനെ സംബന്ധിച്ച് ചിലത് പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു (വാ.12-17). കർത്താവുതന്നെ നേരിട്ട് ചെയ്യുന്ന കാലുകഴുകൽ മാത്രമല്ല, പരസ്പരം നടത്തുന്ന കാലുകഴുകലും നമുക്ക് ആവശ്യമാണ്. നാം പരസ്പരം കാലുകളെ കഴുകണമെന്ന് കർത്താവ് നമ്മോട് പറഞ്ഞു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ചിലപ്പോൾ കർത്താവിന്റെ വാക്കുകൾ അക്ഷരപ്രകാരം നാം പാലിക്കണം. എന്നാൽ അതിലധികമായി അവന്റെ വചനം ആത്മീയമായി നാം പാലിക്കണം. പരിശുദ്ധാത്മാവിന്റെ വേല ശുശ്രൂഷിച്ചുകൊണ്ടും വചനത്തിന്റെ പ്രകാശനം ശുശ്രൂഷിച്ചുകൊണ്ടും ആന്തരിക ജീവന്റെ വ്യാപാരം ശുശ്രൂഷിച്ചുകൊണ്ടും നാം പരസ്പരം കാലുകൾ കഴുകണം. ഇങ്ങനെ ഞാൻ നിങ്ങളെ സഹായിക്കുകയും നിങ്ങൾ എന്നെ സഹായിക്കുകയും നാം പരസ്പരം സഹായിക്കുകയും ചെയ്ത്, പരിശുദ്ധാത്മാവിന്റെ വേലയിലും വചനത്തിന്റെ വെളിച്ചത്തിലും ആന്തരികജീവന്റെ വ്യാപാരത്തിലും കഴുകപ്പെടുന്നു. സഹോദരന്മാരായ നാം കൂട്ടായ്മയ്ക്കും പ്രാർത്ഥനയ്ക്കുമായി കൂടിവരുമ്പോഴെല്ലാം, നാം പരസ്പരം ആത്മീയ കാലുകഴുകൽ ശുശ്രൂഷിക്കേണ്ടത് ആവശ്യമാണ്. പരസ്പരമുള്ള ആത്മീയ കാലുകഴുകൽ ശുശ്രൂഷിക്കുന്നതാണ് നമ്മെ ഭൂമീസ്പർശനത്തിൽനിന്ന് ശുദ്ധിയുള്ളവരായി കാത്തുസൂക്ഷിക്കുന്നത്. പ്രിയ സഹോദരന്മാരേ, ഇപ്രകാരം അന്യോന്യമുള്ള കാലുകഴുകൽ എത്രമാത്രം നിങ്ങൾക്ക് ആവശ്യമാണ് എന്നു ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ ഭൂമിയിൽ നടക്കുമ്പോഴും പ്രവർത്തിക്കു

മ്പോഴും നിങ്ങളുടെ ആത്മാവിൽ കർത്താവിന്റെ നേരിട്ടുള്ള ശുശ്രൂഷ മാത്രമല്ല, സഹോദരന്മാരിൽനിന്നുള്ള കാലുകഴുകലും നിങ്ങൾക്ക് ആവശ്യമാണ്.

## A. കർത്താവിന്റെ മാതൃക പിന്തുടരുന്നു

കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകിയപ്പോൾ അവൻ തന്റെ വസ്ത്രങ്ങൾ ഊരിവച്ചു. മുൻകുറിയിൽ ഇവിടെ വസ്ത്രങ്ങൾ കർത്താവിന്റെ ആവിഷ്കാരത്തിലുള്ള നന്മകളെയും സദ്ഗുണങ്ങളെയും സൂചിപ്പിക്കുന്നു എന്നും, തന്റെ വസ്ത്രങ്ങൾ ഊരിവയ്ക്കുന്നത് അവൻ തന്റെ ആവിഷ്കാരത്തിലുള്ളതിനെ ഉപേക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു എന്നും നാം കണ്ടു. കർത്താവ് തന്റെ നന്മകളുടെയും സദ്ഗുണങ്ങളുടെയും ആവിഷ്കാരം നിലനിറുത്തിയിരുന്നുവെങ്കിൽ, അവന് തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ കഴിയുമായിരുന്നില്ല. അതുപോലെ, നിങ്ങൾ മറ്റുള്ളവരുടെ കാലുകൾ കഴുകുവാൻ തുടങ്ങുമ്പോൾ, നിങ്ങളുടെ നേട്ടങ്ങളും നന്മകളും സദ്ഗുണങ്ങളും ഉപേക്ഷിക്കണം. ഇതാണ് യഥാർത്ഥ എളിമ, വാസ്തവമായി നിങ്ങളെത്തന്നെ എളിമപ്പെടുത്തുന്നത്. നമുക്ക് മറ്റുള്ളവരുടെ കാലുകൾ കഴുകുവാൻ കഴിയുവോളം നാം നമ്മെത്തന്നെ എളിമപ്പെടുത്തേണ്ടതാണ്.

നാം എന്തു ചെയ്യുന്നു എന്നതും നാം എങ്ങനെ പെരുമാറുന്നു എന്നതും ആണ് തിരുവെഴുത്തുകളിൽ വസ്ത്രം സൂചിപ്പിക്കുന്നത്. നാം എന്തെല്ലാം ചെയ്താലും എങ്ങനെയെല്ലാം പെരുമാറിയാലും അത് നമ്മുടെ വസ്ത്രം ആയിത്തീരുന്നു. നിങ്ങൾക്ക് നല്ല പെരുമാറ്റമുണ്ടെങ്കിൽ, നിങ്ങൾക്കൊരു ശ്രേഷ്ഠമായ വസ്ത്രം, മനോഹരവും പ്രശംസനീയവുമായ ഒന്ന് ഉണ്ട്. എന്നാലും, മറ്റുള്ളവർക്ക് ആത്മീയ കാലുകഴുകൽ ശുശ്രൂഷിക്കുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, നിങ്ങൾ നേടിയിട്ടുള്ളതും നിങ്ങൾ ചെയ്തുകൊണ്ടിരുന്നതും നിങ്ങൾ പെരുമാറിക്കൊണ്ടിരുന്നതും ഉപേക്ഷിക്കണം. നിങ്ങൾ സഹോദരന്മാരോടൊത്ത് അവർക്ക് കുറച്ച് ആത്മീയ കാലുകഴുകൽ ശുശ്രൂഷിക്കുവാനായി കൂടിവരുമ്പോഴെല്ലാം, നിങ്ങളുടെ പെരുമാറ്റരീതി നിങ്ങൾ ഉപേക്ഷിക്കണം. ഇതിനർത്ഥം നിങ്ങൾ സ്വയം എളിമപ്പെടണം എന്നാണ്. നിങ്ങളുടെ സ്വഭാവം വേണ്ടത്ര നല്ലതാണെന്ന് കരുതരുത്. നിങ്ങളുടെ ചെയ്തികളും സ്വഭാവവും വളരെ മനോഹരവും പ്രശംസനീയവുമായിരിക്കാം, അതുനിമിത്തം നിങ്ങൾ അഭിമാനിക്കുകയും ചെയ്യുന്നു. നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങളിൽ അഭിമാനിക്കുന്നു, നിങ്ങൾ ചെയ്യുന്നതിൽ അഭിമാനിക്കുന്നു. മറുവശത്ത്, എന്റെ ഹൃദയത്തിൽ ഞാൻ വളരെ എളിമയുള്ളവനും നിങ്ങൾ വളരെ അഭിമാനിയും ആണെന്ന് ഞാൻ ചിന്തിക്കുന്നു. ഇത്തരം മനോഭാവവും അഭിപ്രായവും വച്ചുകൊണ്ട്, നിങ്ങൾക്കൊരിക്കലും മറ്റുള്ളവർക്ക് കാലുകഴു

കൽ ശുശ്രൂഷിക്കുവാനാവുകയില്ല. ഞാൻ എന്റെ നല്ല ചെയ്തികളെല്ലാം ഉപേക്ഷിക്കുകയും എന്റെ നന്മകളെല്ലാം മറക്കുകയും വേണം. ഈ വസ്ത്രങ്ങൾ ഊരിവയ്ക്കൽ വളരെ പ്രായോഗികമാണ്. നിങ്ങൾ അഭിമാനിയായിരിക്കുമ്പോൾ ആർക്കും ആത്മീയമായ കാലുകഴുകൽ ശുശ്രൂഷിക്കുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയുകയില്ല. നിങ്ങൾ എളിമപ്പെട്ട് നിങ്ങളുടെ വസ്ത്രങ്ങൾ ഊരിവയ്ക്കണം. നിങ്ങളുടെ വസ്ത്രങ്ങൾ ഊരിവയ്ക്കുക എന്നാൽ നിങ്ങളെത്തന്നെ എളിമപ്പെടുത്തുകയും നിങ്ങളെത്തന്നെ ഒഴിഞ്ഞവനാക്കുകയും നിങ്ങളിൽനിന്ന് ചിലത് എടുത്തുമാറ്റുകയും നിങ്ങളിൽനിന്ന് ചിലത് ഉരിഞ്ഞുകളയുകയും ചെയ്യുക എന്നാണ് അർത്ഥം.

വളരെ തുറന്നു സംസാരിക്കുവാൻ എന്നെ അനുവദിക്കുക. എന്റെ ക്രിസ്തീയജീവിതത്തിൽ വിവിധ സ്ഥലങ്ങളിലേക്കുള്ള യാത്രകളിൽ അനേക സഹോദരന്മാരെയും സഹോദരിമാരെയും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. പലരും വളരെ ആത്മീയരും, എന്നാൽ അഭിമാനികളും ആണ്. തങ്ങളുടെ ആത്മീയതയിൽ അവർ അഭിമാനിക്കുന്നു. അവർ ആത്മീയതയുടെ ഒരു വസ്ത്രം ധരിച്ചിരിക്കുന്നു. അവർ കൂടിവരുമ്പോൾ, മറ്റുള്ളവർ ഒരിക്കലും ഒരു സ്വർഗ്ഗീയദർശനം കണ്ടിട്ടില്ലെന്നും അഥവാ ആത്മീയമായി യാതൊന്നും അറിഞ്ഞിട്ടില്ലെന്നും ചിന്തിച്ചുകൊണ്ട്, മറ്റുള്ളവരെ അവജ്ഞയോടെ നോക്കുന്നു. എന്താണിത്? ഇത് അവരുടെ അഭിമാനമാണ്. അവർ ആത്മീയരായിരിക്കുന്നതിൽ അഭിമാനിക്കുന്നു. നാം ഈ മനോഭാവം സ്വീകരിക്കുകയാണെങ്കിൽ നമുക്ക് മറ്റുള്ളവരിലേക്ക് കാലുകഴുകൽ ശുശ്രൂഷിക്കുവാൻ കഴിയുകയില്ല. പിന്നെയോ, നാം വിശുദ്ധന്മാരുമായി കൂടിവരുമ്പോളെല്ലാം, നാം നമ്മുടെ വസ്ത്രങ്ങൾ ഊരിവയ്ക്കുകയും നമ്മുടെ നേട്ടങ്ങൾ മറക്കുകയും വേണം. നാം ഈ കാര്യത്തിൽ സൂക്ഷ്മബോധമുള്ളവരായിരിക്കണം. ഈ മനോഭാവം നിമിത്തം നാമെല്ലാവരും കുറ്റക്കാരായിരുന്നിട്ടുണ്ട്."അവർക്ക് സഭാജീവിതം അറിയില്ല; അവർക്ക് ആത്മാവിൽ നടക്കേണ്ടതെങ്ങനെയാണെന്ന് അറിയില്ല; ആന്തരികജീവന്റെ പാഠങ്ങൾ അവർ ഒരിക്കലും പഠിച്ചിട്ടില്ല,''എന്നുള്ള ചിന്തകൾ എത്രയോ തവണ നമുക്കുണ്ടായിട്ടുണ്ട്. ഇതാണ് നിഗളം. ഈ നിഗളമനോഭാവം സ്വീകരിക്കുകയാണെങ്കിൽ, നമുക്കൊരിക്കലും മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുകയില്ല. നാം നമ്മുടെ വസ്ത്രങ്ങളും, നമ്മുടെ നേട്ടങ്ങളും, നമ്മുടെ ആത്മീയതയും ഊരിവയ്ക്കണം. "ഞാൻ ഒന്നുമല്ല, എന്നിൽ യാതൊന്നും സവിശേഷമായില്ല. എനിക്ക് അരകെട്ടുവാൻ ഒരു തുവർത്ത്, ഒരു കഷണം തുണി മാത്രമേയുള്ളൂ,"എന്ന് നമ്മോടുതന്നെ പറഞ്ഞുകൊണ്ട് നാം എല്ലാ തലങ്ങളിലുമുള്ള ആത്മീയതയും മാറ്റിവച്ച്, ലളിതമനസ്സുള്ളവരും സാധാരണക്കാരും ആയിത്തീരണം. നാം മറ്റുള്ളവരുടെ മുമ്പാകെ പോലീസുകാരന്റെ

വേഷത്തിൽ കടന്നുവരരുത്; അല്ലെങ്കിൽ നാം അന്യോന്യം പേടി ഉള്ളവരും ഭയപ്പെടുന്നവരും ആയിരിക്കും. ചിലപ്പോൾ ആളുകൾ പ്രത്യേക വേഷം ധരിച്ച് പോലീസുകാരന്റെ മനോഭാവത്തോടുകൂടി ഭീഷണിപ്പെടുത്തുന്ന രീതിയിൽ വരും. ചിലർ ആത്മീയതയുടെ വേഷം ധരിച്ചു വരുമ്പോൾ, മറ്റു ചിലർ ആഴത്തിലുള്ള ജീവന്റെ വേഷം ധരിച്ചും, ഇനിയും ചിലർ വരങ്ങൾ എന്നു പറയപ്പെടുന്നവയുടെ വേഷത്തിൽ പൊതിഞ്ഞും വരും. അവരെല്ലാം മറ്റുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള കാലുകഴുകൽ ശുശ്രൂഷിക്കുന്നതിനുമുമ്പ് തങ്ങളുടെ വേഷങ്ങൾ ഊരിവയ്ക്കണം. നാം ഇത് മറ്റുള്ളവരോട് പറയരുത്; നാം നമ്മോടുതന്നെ പറയണം.

Tue — മറ്റുള്ളവരുടെ കാലുകൾ കഴുകുന്നതിനായി നമ്മുടെ വസ്ത്രങ്ങൾ ഊരിവയ്ക്കുന്നതും നമ്മെത്തന്നെ എളിമപ്പെടുത്തുന്നതും, ലഘുവായ കാര്യമല്ല. ബോധപൂർവ്വമല്ലാതെ ഒരു സഹോദരൻ എന്നെ വ്യസനിപ്പിക്കുന്നു എന്നു കരുതുക. അവൻ എന്നെ വ്യസനിപ്പിച്ചു എന്നതിനെക്കുറിച്ച് അവന് അറിവില്ലെങ്കിലും ആ വ്യസനത്തെക്കുറിച്ച് ഞാൻ ബോധവാനാണ്. ഞാൻ എന്തുചെയ്യണം? എന്റെ സഹോദരനെ കുറ്റപ്പെടുത്താതിരിക്കുവാനും, അവന്റെ കാലുകൾ കഴുകുവാനും കർത്താവിന്റെ കൃപയ്ക്കായി ഞാൻ അവനിലേക്ക് നോക്കണം. കൃപയില്ലാതെ ഞാൻ അവനെ കഴുകുവാൻ ശ്രമിച്ചാൽ, ഫലം ഒരു വലിയ പൊട്ടിത്തെറി ആയിരിക്കും. എന്തുകൊണ്ട്? അവൻ എന്നെ വ്യസനിപ്പിച്ചതുകൊണ്ട് അവനെ കുറ്റപ്പെടുത്തുവാനുള്ള ഉദ്ദേശ്യം ഇല്ലെങ്കിൽ പോലും എനിക്കത് ചെയ്യുവാൻ വളരെ എളുപ്പമാണ്. ഞാൻ എന്റെ വസ്ത്രങ്ങൾ ഊരിവച്ച് അവന്റെ നിലവാരത്തിലേക്ക് താഴ്ന്നുവരേണ്ടത് ആവശ്യമാണ്. നമ്മെ ഒരാൾ വ്യസനിപ്പിച്ചു എന്ന ബോധമുള്ളപ്പോളെല്ലാം, അവൻ താണവനും അവൻ നമുക്ക് ചിലത് കടപ്പെട്ടിരിക്കുന്നു എന്നും നമുക്ക് അവനിൽ ഒരു അവകാശം ഉണ്ട് എന്നും ചിന്തിച്ചുകൊണ്ട്, ആ വ്യക്തിയെക്കാൾ നമ്മെത്തന്നെ ഉന്നതരായി നാം കണക്കാക്കുന്നു. ഇവിടെയാണ് ബുദ്ധിമുട്ടുള്ളത്. നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങൾ ഊരിവയ്ക്കുകയും, നിങ്ങളുടെ നിലവാരം താഴ്ത്തുകയും, നിങ്ങളുടെ സിംഹാസനത്തിൽനിന്ന് താഴെ ഇറങ്ങുകയും ചെയ്യണം. ഒരർത്ഥത്തിൽ, നിങ്ങളുടെ വസ്ത്രങ്ങൾ ഊരിവയ്ക്കുക എന്നാൽ നിങ്ങളെത്തന്നെ സിംഹാസനഭ്രഷ്ടനാക്കുക എന്നാണ്. "നിങ്ങൾ എന്നെ വ്യസനിപ്പിച്ചു, നിങ്ങൾ എന്നെ വ്യസനിപ്പിച്ചു," എന്നു പറഞ്ഞ് നിങ്ങളുടെ സഹോദരനെ വിധിച്ചുകൊണ്ട് സിംഹാസനത്തിൽ ഇരിക്കരുത്. ഈ മനോഭാവം നിങ്ങൾക്ക് ഉള്ളിടത്തോളം കുറുക്കന്റെ വാല് വെളിയിൽ വരും. ഒടുവിൽ നിങ്ങൾ, വ്യസനിപ്പിക്കുന്ന സഹോദരനെ കുറ്റപ്പെടുത്തുകയും അതിന്റെ ഫലമായി ഒരു വഴക്കുണ്ടാവുകയും ചെയ്യും. കാരണം നിങ്ങളെ വ്യസനിപ്പിക്കുവാനായി താൻ എന്തെങ്കിലും ചെയ്തുവെന്നത് അവൻ നിഷേധിക്കും. ഉടനെ, മുഴുവൻ സാഹചര്യവും പാപകരമായ ഒന്നായി മാറുന്നു.

നമ്മുടെ നേട്ടങ്ങളുടെ വസ്ത്രങ്ങൾ ഊരിവയ്ക്കുക മാത്രമല്ല, ഒരു തുവർത്തുകൊണ്ട് നാം അരചുറ്റുകയും വേണം. ഇതിനർത്ഥം നാം ബന്ധിക്കപ്പെടണം, നമ്മുടെ സ്വാതന്ത്ര്യം നമുക്ക് നഷ്ടപ്പെടണം എന്നാണ്. കാലുകൾ വെള്ളംകൊണ്ട് കഴുകുകയും, കർത്താവ് അരയ്ക്കു ചുറ്റിയ തുവർത്തുകൊണ്ട് തുടക്കുകയും ചെയ്തു. അതായത് മറ്റുള്ളവരുടെ പ്രയോജനത്തിനായി കൂടുതൽ ബന്ധിതരാകുവാൻ മനസ്സുള്ളവരാകുംന്തോറും, മറ്റുള്ളവരെ ശുശ്രൂഷിക്കുവാനും അവരുടെ കാലുകളെ തുടയ്ക്കുവാനും നാം പ്രാപ്തരാകും. നേരെ മറിച്ച്, നാം സ്വതന്ത്രരാകുന്തോറും നാം മറ്റുള്ളവർക്ക് ഹാനി വരുത്തും. സഹോദരന്മാരേ, നാം കൂടിവരുമ്പോൾ നമ്മുടെ നേട്ടങ്ങൾ ഉപേക്ഷിക്കണം എന്നുമാത്രമല്ല, നാം ബന്ധിതരും നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുവാൻ മനസ്സുള്ളവരും ആയിരിക്കുകയും വേണം. നമ്മുടെ പ്രിയപ്പെട്ട സഹോദരീസഹോദരന്മാർക്ക് ചിലത് ശുശ്രൂഷിക്കുന്നതിനുവേണ്ടി നാം നമ്മുടെ സ്വാതന്ത്ര്യം ഉപേക്ഷിക്കുന്നു. സഹോദരന്മാരെയും സഹോദരിമാരെയും തുടയ്ക്കുന്നതായ ചിലത് ശുശ്രൂഷിക്കുന്നതിനുവേണ്ടി നാം അരകെട്ടുവാനും ബന്ധിതരാകുവാനും മനസ്സുള്ളവരായിരിക്കണം.

സഹോദരന്മാർക്ക് എന്നപോലെ സഹോദരിമാർക്കും കാലുകഴുകൽ ആവശ്യമാണ്. സഹോദരിമാർ എളുപ്പത്തിൽ പ്രകോപിതരാകുന്നു എന്നു പറയുന്നതിൽ ക്ഷമിക്കണം. എന്നിരുന്നാലും, സഭാജീവിതത്തിൽ നമുക്ക് പരസ്പരം അകന്നിരിക്കുവാൻ കഴിയുകയില്ല. കുടുംബജീവിതത്തിൽ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്ന വ്യക്തിക്ക് ഏറ്റവുമധികം അഴുക്കുപറ്റുന്നു. ഇത് സഭാജീവിതത്തിലും സത്യമാണ്. കൂടുതൽ ഉത്തരവാദിത്വം നിങ്ങൾ വഹിക്കുമ്പോൾ, കൂടുതൽ അഴുക്ക് നിങ്ങൾ ശേഖരിക്കും. കാരണം നിങ്ങൾക്ക് കൂടുതൽ ആളുകളുമായി ബന്ധപ്പെടണം. ആളുകളുമായി കൂടുതൽ ഇടപെടുമ്പോൾ, നിങ്ങൾ കൂടുതൽ അഴുക്കുള്ളവനാകും. നിങ്ങളുടെ കൈകൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം നിങ്ങൾ അവകൊണ്ട് യാതൊന്നും തൊടാതിരിക്കുകയാണ് എന്നപോലെ, നിങ്ങളെത്തന്നെ വൃത്തിയായി സൂക്ഷിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഒരിക്കലും ആരുമായും ബന്ധപ്പെടാതിരിക്കുക എന്നതാണ്. ഒരുപക്ഷേ നിങ്ങളിൽ ചിലർ സഭാജീവിതത്തിൽ നായകന്മാരാകുവാൻ പ്രതീക്ഷിക്കുന്നുണ്ടാകാം. മാനുഷികമായി പറഞ്ഞാൽ നിങ്ങൾക്ക് ബുദ്ധിയുണ്ടെങ്കിൽ, നിങ്ങളൊരിക്കലും നേതൃത്വത്തിനായി ശ്രമിക്കുകയില്ല. കാരണം, അത് ഏറ്റവും ബുദ്ധിമുട്ടുള്ള ജോലിയാണ്; നിങ്ങളെ എളുപ്പത്തിൽ മലിനപ്പെടുത്തുവാൻ അത് ഇടയാക്കും. സഭാജീവിതത്തിൽ നേതൃത്വം കൊടുക്കുന്നവൻ, മൂപ്പൻ എന്ന നിലയിൽ, ചില സാഹചര്യങ്ങളെ സ്പർശിക്കുന്നതും ചില ആളുകളുമായി സംസാരിക്കുന്നതും ഒഴിവാക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ആളുകൾ തുടരെ നിങ്ങളുടെ അടുക്കൽ വരും. നിങ്ങളുടെ അടുക്കൽ വരുന്നവരിൽ ഒരാളും

ശുദ്ധിയുള്ളവരല്ലെന്ന് ഉറപ്പായി അറിയുക, കാരണം ശുദ്ധിയുള്ള വർക്ക് പ്രശ്നങ്ങളില്ലാത്തതുകൊണ്ട് അവർ ഒരിക്കലും വരുകയില്ല. നിങ്ങളുടെ അടുക്കൽ ആരുവന്നാലും അവൻ പ്രശ്നമുള്ള വ്യക്തി യായിരിക്കും. ചിലപ്പോൾ ഒരു സഹോദരി വന്ന് നിങ്ങൾ അവളോട് ദേഷ്യപ്പെടുവാൻ ഇടയാകുംവരെ നിങ്ങളെ വിടുകയില്ല. ചില സഹോ ദരിമാർ പ്രശ്നങ്ങളുമായി നിങ്ങളുടെ അടുത്ത് വീണ്ടും വീണ്ടും വന്ന് നിങ്ങൾ അവരോട് ദേഷ്യപ്പെടുവാൻ ഇടയാകുംവരെ നിങ്ങളെ വിടു കയില്ല. അവർ നിങ്ങളെ വിട്ടുപോയാൽ നിങ്ങൾ പൂർണ്ണമായി അഴു ക്കുപുരണ്ടതായി നിങ്ങൾ മനസ്സിലാക്കും. നിങ്ങൾക്കും അവൾക്കും ഇടയിൽ ഒരു വലിയ കാലുകഴുകലിന്റെ ആവശ്യമുണ്ട്. അത്തരം ഒരു കാലുകഴുകലില്ലാതെ നിങ്ങൾ തമ്മിലുള്ള സന്തോഷകരമായ കൂട്ടാ യ്മ പുനഃസ്ഥാപിക്കുവാൻ ഒരിക്കലും കഴിയുകയില്ല.

ഒരു സ്ഥലംസഭ തുടക്കത്തിൽ വളരെ സന്തോഷകരവും, എന്നാൽ കുറച്ചുകാലം കഴിയുമ്പോൾ അതിൽ ചിലർ അഴുക്കുള്ളവരാകുകയും ചെയ്യുന്നതിന്റെ കാരണം ഇതാണ്. അവർ അപ്പോഴും യോഗങ്ങൾക്ക് വരുമെങ്കിലും അവർ വരുന്നത് സന്തോഷത്തോടെ, സന്തോഷകര മായ ആത്മാവോടുകൂടെ ആയിരിക്കുകയില്ല. ഒരുപക്ഷേ, ചില സഹോ ദരന്മാർ അല്ലെങ്കിൽ സഹോദരിമാർ അവരെ വ്യസനിപ്പിച്ചത് എങ്ങ നെയാണ് എന്ന് അവർ അനുസ്മരിക്കും. അവർ പുഞ്ചിരിക്കുവാൻ ശ്രമിക്കുകയും മറ്റുള്ളവരെസ്നേഹിക്കുന്നു എന്ന് നടിക്കുകയും ചെയ്യും. എന്നാൽ ഏതുതരത്തിലുള്ള കൂട്ടായ്മ ആചരിക്കുവാൻ അവർക്കു കഴിയും? അവർക്ക് കാലുകഴുകൽ ആവശ്യമാണ്. അവർക്ക് ജീവന്റെ ശുശ്രൂഷ ആവശ്യമാണ്.

വേറൊരുവന്റെ കാലുകൾ കഴുകുമ്പോൾ,"സഹോദരാ, ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്റെ കാലുകൾ കഴുകുവാൻ പോവു കയാണ്"എന്ന് നാം പറയണമെന്നില്ല. കാലു കഴുകുന്നതിന് ഒരു വലിയ പങ്ക് ജീവൻ ആവശ്യമാണ്. മറ്റുള്ളവരുടെ കാലുകൾ കഴുകു ന്നതിന് നമുക്ക് ജീവൻ ആവശ്യമാണ്. കാലുകഴുകലിന് മറ്റുള്ളവരി ലേക്ക് ശുശ്രൂഷിക്കുവാൻ ധാരാളം ജീവൻ ആവശ്യമാണ്. ഇത് തികച്ചും ബുദ്ധിമുട്ടുള്ളതാണ്. കാലു കഴുകുന്നത് വെള്ളം കൊണ്ടാണ്, രക്തം കൊണ്ടല്ല, എന്ന് ഓർക്കുക. നമുക്ക് ധാരാളം വെള്ളം ആവ ശ്യമാണ്. വെള്ളം ആത്മാവും ജീവനുള്ള വചനവും ആന്തരികജീ വനും ആണ്. നാം ജീവജലം നിറഞ്ഞവർ ആയിരിക്കേണ്ടതുണ്ട്. നാം ജീവജലം നിറഞ്ഞവരാണെങ്കിൽ മറ്റുള്ളവരുടെ കാലുകൾ കഴുകു വാനുള്ള ഉദ്ദേശ്യം ഇല്ലാതെതന്നെ അവരോടൊപ്പം ആയിരുന്നാൽ മാത്രം നമുക്ക് പരസ്പരം കാലുകൾ കഴുകാം. നാം മറ്റുള്ളവരോടൊപ്പം ആയിരിക്കുമ്പോൾതന്നെ വെള്ളം ഒഴുകുന്നു. ബോധപൂർവ്വമല്ലാതെ

പോലും അത് ഒഴുകുന്നു. നാം മറ്റൊരു വിശുദ്ധനോടൊപ്പം ആയിരിക്കുമ്പോൾ വെള്ളം അവന്റെമേൽ വീണ്ടും വീണ്ടും ഒഴുകുകയും അവന്റെ കാലുകൾ കഴുകപ്പെടുകയും ചെയ്യും. നമ്മുടെ ഇടയിലുള്ള അഴുക്കും ദുർഗന്ധവും പോകുന്നു. നാം സന്തോഷകരമായ കൂട്ടായ്മയിലേക്ക് നടത്തപ്പെടുന്നു. നമുക്കിത് എത്രയോ ആവശ്യമാണ്!

നാം കൂടിവരുമ്പോഴെല്ലാം നമ്മുടെ വസ്ത്രങ്ങൾ ഊരി വയ്ക്കണമെന്ന് ഞാൻ വീണ്ടും പറയുന്നു. നിങ്ങളുടെ നിലവാരം, നിങ്ങളുടെ സ്ഥാനം, കാക്കരുത്. മറ്റുള്ളവരെക്കാൾ ഉന്നതനിലയിലുള്ളവരാണ് നിങ്ങൾ എന്ന് കരുതരുത്. ഈ ചിന്ത ഉപേക്ഷിക്കണം. ജീവനുള്ള വെള്ളം പ്രയോഗിക്കുകയും അത് ഒഴുകുവാൻ ഇടയാക്കുകയും ചെയ്യുക; മറ്റുള്ളവരുടെ കാലുകൾ കഴുകപ്പെടും.

യോഹന്നാന്റെ സുവിശേഷം ആകമാനം ജീവന്റെ പുസ്തകമാണെന്നും, അതിലുള്ളതെല്ലാം ജീവനുമായി ബന്ധപ്പെട്ടതാണെന്നും, നാം കണ്ടു. കാലുകഴുകൽ ജീവന്റെ ഒരു കാര്യമാണ്. എല്ലാ കർത്തൃമേശ ശുശ്രൂഷകൾക്കും ചില ക്രിസ്തീയ കൂട്ടങ്ങളിൽ ചെയ്തുവരുന്നതുപോലെ അത് ഒരു ഭൗതിക ആചരണം മാത്രമല്ല. എന്നിരുന്നാലും, കർത്താവ് അപ്രകാരം നയിക്കുന്നുവെങ്കിൽ, നമുക്ക് ഭൗതികമായി ഇടയ്ക്കിടെ പരസ്പരം കാലുകളെ കഴുകാവുന്നതാണ്. 1952-ൽ തായ്പേയിൽ നാല് മൂപ്പന്മാർ ഒരു രാത്രിയിൽ കുറഞ്ഞപക്ഷം അഞ്ഞൂറ് സഹോദരന്മാരുടെ കാലുകൾ കഴുകി. അത് വാസ്തവമായും അവരുടെ ഹൃദയത്തെയും ആത്മാവിനെയും സ്പർശിച്ചു. അത് ഒരു യഥാർത്ഥ സഹായമായിരുന്നു. എന്നിരുന്നാലും, നാം ഇത് നിയമപരമായ, ഔപചാരികമായ രീതിയിൽ ചെയ്യേണ്ട ആവശ്യമില്ല.

ഈ സുവിശേഷത്തിലുള്ളതെല്ലാം ജീവന്റെ കാര്യമാണ്. നമ്മുടെ ഇടയിൽ പരസ്പരം കാലുകൾ കഴുകുന്നതിന് നമുക്ക് സമൃദ്ധമായി ജലം ലഭിക്കുവോളം നാം ജീവൻ ആചരിക്കണം. ചില വിശുദ്ധന്മാർ ജീവജലം നിറഞ്ഞവരാണ്. നിങ്ങൾ ചെന്ന് അവരോടൊപ്പം അരമണിക്കൂർ ഇരുന്നാൽ, നിങ്ങളുടെ കാലുകൾ കഴുകപ്പെടും. അവർ നിങ്ങളുടെ അഴുക്കുള്ള കാലുകളെപ്പറ്റി പറയുകയോ, കാലുകഴുകലിന്റെ വിഷയം സ്പർശിക്കുകപോലുമോ ഇല്ലായിരിക്കും. എങ്കിലും നിങ്ങൾ അവരുടെ സാന്നിദ്ധ്യത്തിൽ അരമണിക്കൂർ ഇരുന്നാൽ, നിങ്ങളുടെ കാലുകൾ കഴുകപ്പെടും. ആ അരമണിക്കൂറിനുശേഷം നിങ്ങൾ കർത്താവിനോട് വളരെ അടുക്കും. നിങ്ങൾക്ക് അവരുമായുള്ള കൂട്ടായ്മ വളരെ ഗാഢവും സന്തോഷകരവും ആയിരിക്കും. അതുപോലെ, മറ്റുള്ളവരുമായുള്ള നിങ്ങളുടെ കൂട്ടായ്മയും മധുരമായിരിക്കും. മറ്റുള്ളവരുടെ കാലുകൾ കഴുകുവാൻ കഴിയുന്ന, ജീവജലം നിറഞ്ഞ അനേകംപേർ നമ്മുടെ ഇടയിൽ നമുക്ക് ആവശ്യമാണ്.

## B. പരസ്പരം സ്നേഹിച്ചുകൊണ്ട്

സഹോദരന്മാർക്കും സഹോദരിമാർക്കും ആത്മീയ കാലുകഴുകൽ ശുശ്രൂഷിച്ചുകൊണ്ട്, അവരെ എങ്ങനെ സ്നേഹിക്കണമെന്ന് നാം ഓരോരുത്തനും പഠിക്കണം. ചിലപ്പോൾ ഞാൻ നിങ്ങളെ സന്ദർശിക്കുവാൻ വരുന്ന സമയത്ത് എന്നോടുള്ള നിങ്ങളുടെ സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് ഒരുതരത്തിലുള്ള കാലുകഴുകൽ എനിക്ക് ശുശ്രൂഷിക്കുവാൻ നിങ്ങൾക്ക് കഴിയും. നിങ്ങളെ ഭൂമീസ്പർശനത്തിൽനിന്ന് ശുദ്ധരാക്കുവാൻ നിങ്ങൾക്ക് അല്പം കാലുകഴുകൽ ശുശ്രൂഷിച്ചുകൊണ്ട് ഞാനും ഇതേ സ്നേഹം നിങ്ങളോട് പ്രകടിപ്പിക്കണം. നാം ഇത് ചെയ്യണം; അല്ലെങ്കിൽ പരസ്പരമുള്ള കൂട്ടായ്മ നിലനിറുത്തുവാൻ നമുക്കു കഴിയുകയില്ല. സ്നേഹം ഇത്തരം ഒരു കാലുകഴുകൽ ശുശ്രൂഷിക്കുമ്പോൾ മാത്രമേ, പരസ്പരമുള്ള കൂട്ടായ്മ നിലനിറുത്തുവാൻ കഴിയുകയുള്ളൂ. അനേകം സഹോദരീസഹോദരന്മാരിൽനിന്നും ആത്മീയ കാലുകഴുകൽ പലതവണ ഞാൻ ആസ്വദിച്ചിട്ടുണ്ട്. ഇത്തരം കാലുകഴുകൽ എത്രപ്രാവശ്യം ഞാൻ അനുഭവിച്ചിട്ടുണ്ട് എന്ന് നിങ്ങളോട് പറയുക അസാദ്ധ്യമാണ്. ഇരുപത്തിയഞ്ചിലധികം വർഷത്തിനുമുമ്പ്, ഞാൻ സഹോദരൻ വാച്ച്മാൻ നീയെയും മറ്റുള്ളവരെയും പോലുള്ള പ്രമുഖ കൂട്ടുവേലക്കാരോടൊത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ ഇത്തരം കാലുകഴുകലിലൂടെ അവരിൽനിന്ന് എനിക്ക് ധാരാളം സഹായം ലഭിച്ചു. ഞാൻ അവരുമായി ബന്ധപ്പെട്ടപ്പോഴെല്ലാം എന്നെ ഭൂമീസ്പർശനത്തിൽനിന്ന് ശുദ്ധമാക്കി സൂക്ഷിക്കുന്ന ഒരുതരം കാലുകഴുകൽ എനിക്ക് അനുഭവപ്പെട്ടു. അവർ എന്നെ സ്നേഹിക്കുകയും അവർക്ക് എന്നോടുള്ള സ്നേഹം, എന്നെ ഭൂമീസ്പർശനത്തിൽനിന്ന് ശുദ്ധമാക്കുവാൻ ആത്മീയ കാലുകഴുകൽ ശുശ്രൂഷിച്ചുകൊണ്ട് എന്നോട് പ്രകടിപ്പിക്കുകയും ചെയ്തു.

ഈ തത്ത്വങ്ങൾ പ്രയോഗത്തിൽ വരുത്തിയാൽ, അവ എത്ര യഥാർത്ഥമാണെന്ന് നാം കാണും. നിങ്ങളുടെ ഭവനജീവിതത്തിലും നിങ്ങളുടെ സഭാജീവിതത്തിലും ഇവ ഈ സമയം മുതൽതന്നെ നിങ്ങൾക്ക് പ്രയോഗിക്കാവുന്നതാണ്. ഉടൻതന്നെ, നിങ്ങളുടെ സഹോദരന്മാർക്കും സഹോദരിമാർക്കും ഒരുതരം കാലുകഴുകലും തുടയ്ക്കലും നിങ്ങൾ ശുശ്രൂഷിക്കും. ഇതാണ് നമുക്ക് ആവശ്യമായിരിക്കുന്നത്. ഇതാണ് നമ്മുടെ ഇടയിലുള്ള കൂട്ടായ്മ നിലനിറുത്തുന്ന യഥാർത്ഥ സ്നേഹം. ഇത്തരത്തിലുള്ള കാലുകഴുകലും തുടയ്ക്കലും മുഖാന്തരമാണ് ആത്മീയ കൂട്ടായ്മക്ക് സഭാജീവിതം നിലനിറുത്തുവാൻ കഴിയുന്നത്. അതില്ലാതെ, സഭാജീവിതം നിലനിറുത്തുവാൻ കഴിയുകയില്ല. കാരണം ഭൂമീസ്പർശനത്താൽ കൂട്ടായ്മയ്ക്ക് ക്ഷതം സംഭവിച്ചിരിക്കുന്നു. നമ്മെ ഭൂമീസ്പർശനത്തിൽനിന്നും ശുദ്ധീകരി

ക്കുവാനും, നമ്മുടെ ആത്മീയ കൂട്ടായ്മ നല്ല അവസ്ഥയിൽ നിലനി റുത്തുവാനും, ആത്മീയ കാലുകഴുകൽ നമുക്കാവശ്യമാണ്. അപ്പോൾ സഭാജീവിതം അനുഭവിച്ചറിയുവാൻ കഴിയും. സഭാജീവിതം സജീവ മായും പുതുമയിലും സന്തോഷകരമായും ജീവനുള്ളതായും സൂക്ഷി ക്കണമെങ്കിൽ നമുക്ക് തുടരെ കാലുകഴുകൽ ആവശ്യമാണ്. എല്ലാ സ്ഥലംസഭകൾക്കും ഇതാവശ്യമാണ്. പശ്ചിമതീരത്തുള്ള സഭകളിൽ കർത്താവ് നമ്മോട് വളരെ കൃപാലുവായിരുന്നു. നാം കാലുകഴുകൽ എന്ന പദം ഉപയോഗിച്ചിട്ടില്ലെങ്കിലും, കർത്താവ് ജീവനുള്ള വെള്ളം കൊണ്ട് കാലുകഴുകിയതിനാൽ അവിടുത്തെ സഭാജീവിതം സജീവ മായും പുതുമയിലും തുടരെ സൂക്ഷിച്ചിരിക്കുന്നു. ഞങ്ങൾ ഇതിനെ ക്കുറിച്ച് സംസാരിക്കുകയോ ഈ പദം ഉപയോഗിക്കുകയോ ചെയ്തി ല്ല; എങ്കിലും ജീവജലത്തിലുള്ള കാലുകഴുകലിന്റെ യാഥാർത്ഥ്യം സ്ഥിരമായി ഉണ്ടായിരുന്നു. അതുകൊണ്ട്, അവിടുത്തെ സഭകൾ എന്നേക്കും പുതിയതും എന്നേക്കും സജീവവും എന്നേക്കും ജീവി ക്കുന്നതും ആയതിന് അവന്റെ കൃപയിൽ നമുക്ക് അഭിമാനിക്കാം. കൂട്ടായ്മയുടെ കാര്യത്തിൽ വിശുദ്ധന്മാരുടെ ഇടയിൽ തടസ്സമില്ല. സഭകളെല്ലാം ഇതിനായി പ്രാർത്ഥിക്കണം. അപ്പോൾ സഭ പുതുമ യിലും ഉന്മേഷത്തിലും കാക്കപ്പെടും.

ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുവാൻ കർത്താവ് വരുകയും നമ്മെ ദൈവത്തിലേക്ക് കൊണ്ടുപോകുവാൻ കർത്താവ് പോവുകയും ചെയ്തു. ഇവിടെ നമ്മുടെ മനുഷ്യാത്മാവുമായുള്ള ദിവ്യാത്മാവിന്റെ യഥാർത്ഥ ഇഴുകിച്ചേരലുണ്ട്. മനുഷ്യത്വം ദിവ്യത്വവുമായി ഇഴുകിച്ചേ രുകയും, ദിവ്യത്വം മനുഷ്യത്വവുമായി ഇഴുകിച്ചേരുകയും ചെയ്തിരി ക്കുന്നു. ഇതാണ് സഭ, ക്രിസ്തുവിന്റെ ശരീരം. ക്രിസ്ത്യാനികൾ തങ്ങ ളുടെ ആത്മാവിൽ സ്വർഗ്ഗീയരും നിത്യരും ആത്മീയരുമാണ്. എന്നാൽ തങ്ങളുടെ ഭൗതികശരീരത്തിൽ അവരിപ്പോഴും ഈ ഭൂമിയിലും പഴയ സൃഷ്ടിയിലുമാണ്. അതുകൊണ്ട്, ശരീരത്തിന്റെ കൂട്ടായ്മയും കർത്താ വുമായുള്ള കൂട്ടായ്മയും നിലനിറുത്തുവാൻ എല്ലാ ഭൂമീസ്പർശന ത്തിൽ നിന്നും ശുദ്ധമായി അവർ കാക്കപ്പെടണം. ഈ കൂട്ടായ്മ നില നിറുത്തുന്നത് കാലുകഴുകലിലൂടെയാണ്. ഇത് വളരെ വളരെ പ്രധാ നമാണ്, കാരണം അതില്ലാതെ കർത്താവുമായും തമ്മിൽ തമ്മിലും ഉള്ള കൂട്ടായ്മ ഒരിക്കലും നിലനിറുത്തുവാനാവില്ല. അതില്ലാതെ സഭാ ജീവിതം സാക്ഷാത്ക്കരിക്കുവാനാവില്ല. വാസ്തവത്തിൽ, സഭാജീ വിതത്തിന്റെ യാഥാർത്ഥ്യം നഷ്ടപ്പെടും. അതുകൊണ്ട്, ഒരുവശത്ത്, കർത്താവുതന്നെയും മറുവശത്ത്, വിശുദ്ധന്മാരെല്ലാവരും കാലുകഴു കൽ നിത്യേന കൃത്യമായി നിർവ്വഹിക്കണം. അപ്പോൾ നമുക്ക് ശ്രേഷ്ഠ മായ കൂട്ടായ്മ നിലനിറുത്തുവാനാകും. അതോടുകൂടെ നമുക്ക് യഥാർത്ഥമായ സഭാജീവിതം ഉണ്ടാകും.

## III. കഴുകപ്പെട്ടു എന്നാൽ കൂട്ടായ്മയിലല്ല

കാലുകഴുകൽ ജീവനിലുള്ള കൂട്ടായ്മയ്ക്കുവേണ്ടിയാണെങ്കിലും, യൂദായ്ക്ക് അതങ്ങനെ ആയിരുന്നില്ല. അവൻ കഴുകപ്പെട്ടു, എന്നാൽ അവൻ ഒരിക്കലും കൂട്ടായ്മയിൽ ആയിരുന്നില്ല. കാരണം, അവനൊരു കള്ളനായിരുന്നു(വാ.18–31). കർത്താവ് ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നതിനു മുമ്പുതന്നെ യൂദാ കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ പിശാച് അവന്റെ ഹൃദയത്തിൽ തോന്നിച്ചിരുന്നു(വാ.2). കർത്താവിന്റെ കഴുകലിനുശേഷം, സാത്താൻ അവനിൽ കടക്കുകയും ചെയ്തു(വാ.27). അതിനുശേഷം യൂദാ പോയി; അപ്പോൾ രാത്രിയായിരുന്നു(വാ.30). അവൻ തീർച്ചയായും തന്റെ നിത്യതയ്ക്കുള്ള ഇരുണ്ട രാത്രിയിലേക്ക് പ്രവേശിച്ചു. തുടക്കം മുതൽ തന്നെ അവൻ കർത്താവുമായുള്ള കൂട്ടായ്മയിലല്ലായിരുന്നു. അവൻ എത്രമാത്രം കഴുകപ്പെട്ടിരുന്നാലും അവനൊരിക്കലും അതിലാകുവാൻ കഴിയുമായിരുന്നില്ല(വാ.10–11). യഥാർത്ഥ കാലുകഴുകൽ, കർത്താവുമായി കലർപ്പില്ലാത്ത കൂട്ടായ്മയിലുള്ളവർക്ക് മാത്രമാണെന്ന് ഇത് നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

## IV. കഴുകപ്പെടുകയും കൂട്ടായ്മയിലായിരിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു, എന്നാലും പരാജയപ്പെടുന്നു

### A. മനുഷ്യപുത്രൻ മഹത്വപ്പെടുന്നു

കാലുകഴുകലിനുശേഷം കർത്താവിന്റെ മരണം അടുത്തിരുന്നു. അതുകൊണ്ട് അവൻ “ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു” എന്നു പറഞ്ഞു. അവന് മഹത്വപ്പെടുന്നത് തന്റെ ദിവ്യമൂലകം തന്റെ മനുഷ്യത്വത്തിൽനിന്ന് മരണപുനരുത്ഥാനങ്ങളിലൂടെ വിടുവിക്കപ്പെടുക എന്നതായിരുന്നു. അവന്റെ മരണം, അവന്റെ മനുഷ്യത്വത്തിന്റെ പുറന്തോട് പൊട്ടിക്കുകയും അവന്റെ ദിവ്യജീവൻ പുറത്തുകൊണ്ടുവരുകയും ചെയ്തു. അവൻ മഹത്വപ്പെടുക എന്നതിന്റെ അർത്ഥം ഇതായിരുന്നു.

### B. ദൈവം പുത്രനിൽ മഹത്വപ്പെടുന്നു

“ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു”എന്നും കർത്താവ് ഇവിടെ പറഞ്ഞു(വാ.31). ഇതിനർത്ഥം പിതാവായ ദൈവം മഹത്വപ്പെടുന്നത് പുത്രന്റെ മഹത്വപ്പെടലിലാകുന്നു എന്നാണ്. അതായത്, അവൻ അവന്റെ ദിവ്യമൂലകം പുത്രനിൽ വെളിവാക്കിയിരുന്നു. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവ് പിതാവായ ദൈവത്തിന്റെ

ദിവ്യജീവമൂലകം വെളിവാക്കിയിരുന്നു. പിതാവായ ദൈവം ഇപ്രകാരം പുത്രനിൽ മഹത്വപ്പെടണമായിരുന്നു. അവൻ തന്നിൽതന്നെ പുത്രനെ മഹത്വപ്പെടുത്തണമായിരുന്നു; അവൻ അത് ക്ഷണത്തിൽ ചെയ്യണമായിരുന്നു(വാ.32).

## C. ആ സമയത്തുള്ള കർത്താവിന്റെ കഷ്ടാനുഭവത്തിൽ അവനെ അനുഗമിക്കുവാൻ പത്രൊസിന് കഴിയുന്നില്ല

ആ സമയത്ത്, ക്രൂശിന്മേൽ മരണം അനുഭവിക്കുവാൻ കർത്താവ് തയ്യാറായിരുന്നു, എന്നാൽ അവന്റെ കഷ്ടതയിൽ അവനെ അനുഗമിക്കുവാൻ ശിഷ്യന്മാർ സജ്ജരായിരുന്നില്ല. അതുകൊണ്ട് കർത്താവ് പത്രൊസിനോട് അവന് അപ്പോൾ, തന്നെ അനുഗമിക്കുവാൻ കഴിയുകയില്ല എന്നു പറഞ്ഞു(വാ.36-37), കാരണം പത്രൊസ് പുനരുത്ഥാനജീവനായി അതുവരെ അവനെ സ്വീകരിച്ചിട്ടില്ലായിരുന്നു. എന്നാൽ അവന്റെ ഉയിർപ്പിലൂടെ പുനരുത്ഥാനജീവനായി അവനെത്തന്നെ പത്രൊസിലേക്ക് പകർന്നു കഴിഞ്ഞ് അവൻ അവനെ അനുഗമിക്കും(വാ.36;21:18-19).

## D. പത്രൊസ് പരാജയപ്പെടുവാൻ തുടങ്ങുന്നു

പത്രൊസ് കർത്താവുമായി കലർപ്പില്ലാത്ത കൂട്ടായ്മയിലായിരുന്നു. കർത്താവിന്റെ കഴുകൽ അവനെ ഈ കൂട്ടായ്മയിൽ കാക്കുകതന്നെ ചെയ്തു. അവൻ കർത്താവുമായി ഈ കൂട്ടായ്മയിൽ തുടരുവാൻ തല്പരനായിരുന്നു, എന്നാൽ കർത്താവ് പീഡിപ്പിക്കപ്പെട്ടപ്പോൾ കർത്താവിനെ മൂന്നുവട്ടം തള്ളിപ്പറഞ്ഞതുമൂലം അവൻ പരാജയപ്പെട്ടു. പത്രൊസിന് കൂട്ടായ്മയിൽ തുടരുവാൻ താൽപര്യമുണ്ടായിരുന്നു, എന്നാൽ അവന് അതു ചെയ്യുവാനുള്ള ശക്തിയില്ലായിരുന്നു. കാരണം, കർത്താവിന്റെ ഉയിർപ്പിനു മുമ്പ് അവന്റെ പുനരുത്ഥാനജീവൻ അവനിലേക്ക് പകരപ്പെട്ടിരുന്നില്ല. കാലുകഴുകലിനാൽ നിലനിറുത്തപ്പെട്ട കർത്താവിന്റെ കൂട്ടായ്മയിൽ തുടരുവാൻ പുനരുത്ഥാനജീവന്റെ ശക്തി ആവശ്യമായിരുന്നു. നമ്മുടെ സ്വാഭാവിക മനുഷ്യനാൽ നമുക്കൊരിക്കലും ഇതു ചെയ്യുവാൻ കഴിയുകയില്ല.